വാട്ടർ അതോറിറ്റിയിലെ അധികാര വികേന്ദ്രീകരണം

176 (2456) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അധികാര വികേന്ദ്രീകരണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-9-1999-ലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ./എച്ച്.ഒ/ഡബ്ല്യു.എൻ./33/97 പ്രകാരം കേരള വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ അധികാരം സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനും സേവനങ്ങൾ കൃത്യമായി ജനങ്ങളിലെത്തിക്കുന്നതിനും വേണ്ടിയാണ് പദ്ധതി വഴി ലക്ഷ്യമിട്ടത്.

(സി) 14-9-1999-ലെ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം നമ്പർ കെ.ഡബ്ല്യു.എ./എച്ച്.ഒ./ഡബ്ല്യു.എൻ./33/97 പ്രകാരം അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുള്ള വിശദമായ ഉത്തരവിറക്കുകയും ആയതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ചുവരികയും ചെയ്യുന്നു.

ജലവിതരണം സുഗമമാക്കാൻ മുൻകരുതൽ

177 (2457) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലും സമീപപ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിന് മുമ്പേ ജലവിതരണം സുഗമമാക്കാൻ എന്തൊക്കെ മുൻകരുതൽ എടുക്കണമെന്ന് ജല അതോറിറ്റി ആലോചിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം നഗരത്തിൽ പൈപ്പ് പൊട്ടി നാലാം ദിവസവും വെള്ളം കിട്ടാതിരുന്നതിനും ചോർച്ച അടയ്ക്കാൻ ദിവസങ്ങൾ വൈകിക്കുന്നതിനും പിന്നിൽ എന്താണ് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കാലഹരണപ്പെട്ട പൊളുടാപ്പുകൾ നീക്കംചെയ്ത് പുതിയവ സ്ഥാപിക്കാനും, പൊട്ടിയ പൈപ്പ് ലൈനുകൾ കാര്യക്ഷമമാക്കുന്നതോടൊപ്പം വരൾച്ച മുന്നിൽ കണ്ട് ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച ചേർക്കുകയും വിവിധ ഏജൻസികളുടെ ഏകോപനത്തിന് സമിതി രൂപീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും വരൾച്ചക്കാലം വരുന്നതിനുമുമ്പേ ജലവിതരണം സുഗമമാക്കാൻ താഴെപ്പറയുന്ന മുൻകരുതലുകൾ കൈക്കൊണ്ടിട്ടുണ്ട്. വരൾച്ച പ്രതിരോധിക്കുന്നതിനുവേണ്ടി വിവിധ പമ്പുഹൗസുകളിൽ കേടായ പമ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശേഷികുറഞ്ഞ പഴയ പൈപ്പ് ലൈനുകൾ മാറ്റി വ്യാസം കൂടിയ പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന ലീക്കേജുകൾ മൂലമുള്ള ജലനഷ്ടം ഒഴിവാക്കുന്നതിനുവേണ്ടി ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള ബ്ലൂ ബ്രിഗേഡ് ഉൾപ്പെടെയുള്ള വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം നഗരത്തിലെ പ്രധാന പൈപ്പുകളിൽ ഉണ്ടാകുന്ന ലീക്ക് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട പ്ലാന്റോ ടാങ്കോ അടച്ചതിനുശേഷമാണ് റിപ്പയർ വർക്ക് ചെയ്യുന്നത്. റിപ്പയർ വർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുതീർക്കാറുണ്ട്. എന്നാൽ അറ്റകുറ്റപ്പണികൾ ചെയ്തതിനുശേഷം ജലസംഭരണിയിൽ ആവശ്യത്തിന് ജലനിരപ്പ് ഉയർന്നാൽ മാത്രമേ ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിച്ചേരുകയുള്ളൂ. ടികാരണത്താൽ ലീക്ക് പരിഹരിച്ചതിനുശേഷവും അടുത്തദിവസമേ ഉയർന്ന പ്രദേശങ്ങളിൽ വെള്ളമെത്താറുള്ളൂ. ലീക്കുകൾ 24 മണിക്കൂറിനുള്ളിൽ റിപ്പയർ ചെയ്യുന്നുണ്ട്. എന്നാൽ നഗരപ്രദേശത്തെ KRFB, NH റോഡുകളിൽ റോഡു വെട്ടുന്നതിനുള്ള അനുമതി വൈകുന്നതുമൂലം അത്തരം റോഡുകളിലുണ്ടാകുന്ന ലീക്കുകൾ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകാറുണ്ട്. ഇവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധിയും ജല അതോറിറ്റി ഉദ്യോഗസ്ഥരും സംയുക്ത പരിശോധന നടത്തി കാലഹരണപ്പെട്ട പൊതുടാപ്പുകൾ നീക്കം ചെയ്യുവരാറുണ്ട്. പൊട്ടിയ പൈപ്പ് ലൈനുകൾ ഉടൻ റിപ്പയർ നടത്തി ശുദ്ധജല വിതരണം കാര്യക്ഷമമാക്കി വരുന്നുണ്ട്. ജലവിതരണം തടസ്സപ്പെടാതിരിക്കാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും വരൾച്ചയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ വിവിധ ഏജൻസികളുമായി യോഗം ചേരുകയും ചെയ്യുവരുന്നു.

പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം

178 (2458) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

പെരുനാട്-അത്തിക്കയം കുടിവെള്ളപദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ്; എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്; ആദ്യഘട്ടത്തിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; അടുത്തഘട്ടത്തിൽ എത്ര തുകയാണ് ചെലവുവരിക; ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിലുണ്ടാവുക; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

പെരുനാട്-അത്തിക്കയം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. 8 mld ജലശുദ്ധീകരണശാല
2. 350 mm DI K9 പൈപ്പ് ഉപയോഗിച്ച് റോ വാട്ടർ പമ്പിംഗ് മെയിൻ
3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ
   (a) കോട്ടപാറ ശുദ്ധജല സംഭരണിയിലേക്ക് (150 mm DI K9)
   (b) ഇടപ്രാമല ശുദ്ധജല സംഭരണിയിലേക്ക് (100 mm DI K9)
   (c) മുക്കം വരെയുള്ള ഗ്രാവിറ്റി മെയിന് (500 mm DI K7)
4. നിലവിലുള്ള ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണം
5. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം
6. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം
7. പമ്പ് സെറ്റ് സ്ഥാപിക്കൽ

LIBRARY ARCHIVES Kerala Legislative Assembly